"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട കോഴഞ്ചേരി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീമതി ജൂന ഫിലിപ്പ് ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.23646/2023-ന്മേലുള്ള 21/07/2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2688/2024/GEDN തീയതി, തിരുവനന്തപുരം, 16-04-2024**

പരാമർശം:-

1. ശ്രീമതി ജൂന ഫിലിപ്പ് സമർപ്പിച്ച 26.06.2023-ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-5)
2. ബഹു:ഹൈക്കോടതിയുടെ റിട്ട് ഹർജി നം.23646/2023-ന്മേലുള്ള 21/07/2023-ലെ വിധിന്യായം.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/11/2023-ലെ DEOPTA/1362-2023-B3 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/11/2023-ലെ ഡിജഇ/17841/2023-ഇ.റ്റി.3 നമ്പർ കത്ത്.
5. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07/11/2023-ലെ DDEPTA/2852/2023-B4 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട കോഴഞ്ചേരി സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീമതി ജൂന ഫിലിപ്പ് ഫയൽ ചെയ്ത റിട്ട് ഹർജി നം.23646/2023-ന്മേലുള്ള 21/07/2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും 5 മുതൽ 7 വരെ എതിർകക്ഷികളെയും കേൾക്കുന്നതിനും, എക്സിബിറ്റ് പി-5 റിവിഷൻ പെറ്റീഷൻ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയെയും മറ്റ് എതിർകക്ഷികളെയും 09/11/2023 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി ജൂന ഫിലിപ്പ്-ന്റെ പ്രതിനിധി ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

"പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള കോഴഞ്ചേരി സെന്റ് മേരീസ് ഹൈസ്കൂളിൽ 05.06.2002 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ ഹർജിക്കാരി റഗുലർ സർവ്വീസിൽ പ്രവേശിച്ചു. 2005-2006 വർഷം തസ്തികനഷ്ടം സംഭവിച്ചതിനാൽ 15.07.2005 മുതൽ സേവനത്തിൽ നിന്ന് പുറത്തായി. 20.06.2012 മുതൽ അദ്ധ്യാപക

പാക്കേജിൽ ഉൾപ്പെടുത്തി എസ്.എസ്.കെ.യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി പുനർവിന്യസിച്ച് 18.07.2018 വരെ ബി.ആർ.സി.യിൽ തുടർന്നു. 19.07.2018 മുതൽ മാതൃവിദ്യാലയത്തിൽ തിരിച്ചുകൊണ്ടുവരികയും ചെയ്തു. 19.07.2018 മുതൽ മാതൃവിദ്യാലയത്തിൽ യു.പി.എസ്.റ്റി. തസ്തികയിൽ സേവനത്തിലിരിക്കെ ടി സ്കൂളിലെ എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് അദ്ധ്യാപികയായിരുന്ന ശ്രീമതി വത്സമ്മ ജോൺ 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിച്ചതു മൂലമുണ്ടായ വ്യവസ്ഥാപിത വേക്കൻസിയിൽ എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പൂർണ്ണ യോഗ്യതയുള്ള സീനിയർ ചട്ടം 43 അവകാശിയായ ഹർജിക്കാരിയെ 15.07.2021 മുതൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു.

15/07/2021 മുതൽ ചട്ടപ്രകാരം നടത്തിയ ടി സ്ഥാനക്കയറ്റ നിയമത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 11/04/2022-ലെ Ext.P-1 ഉത്തരവു പ്രകാരം നിയമനാംഗീകാരം നിരസിച്ചു. Ext.P-1 ഉത്തരവിന്മേൽ വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ മാനേജർ സമർപ്പിച്ച അപ്പീൽ ഹർജിയും 29.10.2022-ലെ Ext.P-2 ഉത്തരവ് പ്രകാരം നിരസിച്ചു. Ext.P-2 ഉത്തരവിനെതിരായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ ഹർജിയിൽ "സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി ജൂനു ഫിലിപ്പ് ആണ് സീനിയർ ആയ ചട്ടം 43 അവകാശി എങ്കിൽ ടിയാരിയുടെ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ 15/07/2021 മുതലുള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പുന:പരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട്" 26.05.2023-ലെ Ext.P-3 ഉത്തരവു പുറപ്പെടുവിച്ചു.

ഹർജിക്കാരി എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് പൂർണ്ണയോഗ്യതയുള്ള ടി മാനേജ്മെന്റ് സ്കൂളിലെ ഏറ്റവും സീനിയറായ കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 43 അവകാശിയാണ്. ചട്ടം 43, നോട്ട് (2) വ്യവസ്ഥ ചെയ്യുന്നത് ഇപ്രകാരമാണ് "Promotion under this rule shall be made from persons possessing the prescribed qualifications at the time of occurrence of vacancy." കൂടാതെ, ടി നിയമനം കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 11 കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം (1), അധ്യായം 21 ചട്ടം 1 എന്നിവയുടെ പരിധിയിലും പെടുന്നതാണ്. സ്റ്റാറ്റ്യൂട്ടുകളാൽ സുഭദ്രമായ ടി സ്ഥാനക്കയറ്റ നിയമനത്തിന് നിയമന തീയതി മുതൽ തന്നെ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 വർഷങ്ങളിൽ സ്കൂൾ തുറന്ന് പൂർണ്ണതോതിൽ ക്ലാസുകൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ 2019-20-ലെ സ്റ്റാഫ് ഫിക്സേഷൻ 2020-21, 2021-22 വർഷങ്ങളിലും തുടരാൻ അനുമതി നൽകിയിരുന്നു. പ്രഥമാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും തസ്തികകൾ ഒഴികെ മറ്റ് തസ്തികകളിൽ നിയമനം പാടില്ല എന്നും നിഷ്കർഷിച്ചിരുന്നു. തുടർന്ന് സ.ഉ.(സാധാ) നമ്പർ 3287/2021/പൊ.വി.വ. തീയതി 06.07.2021-ൽ 2020-21, 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റഗുലർ തസ്തികകളിലുണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15.07.2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചു. സമന്വയ പോർട്ടൽ വഴി സമർപ്പിക്കപ്പെടുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഓഫീസർമാർ ഒരു മാസത്തിനുള്ളിൽ തന്നെ

തീർപ്പാക്കേണ്ടതാണ് എന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. അതിനാൽ 06.07.2021-ലെ ഉത്തരവിന്റെ പരിധിയിൽ വരുന്നതും ചട്ടപ്രകാരമുള്ളതുമായ ഹർജിക്കാരിയുടെ നിയമനാംഗീകാരത്തിന് തടസ്സമുണ്ടാകേണ്ടതില്ല.

എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള മറ്റ് സീനിയർ അവകാശികളോ പുനർനിയമനത്തിനായുള്ള മറ്റ് സ്റ്റാറ്റ്യൂട്ടറി അവകാശികളോ 15.07.2021 തീയതിയിൽ ടി മാനേജ്മെന്റിൽ ലഭ്യമായിരുന്നില്ല. ഹർജിക്കാരിയുടെ സ്ഥാനക്കയറ്റ നിയമനത്തിനെതിരായി മറ്റ് സ്റ്റാറ്റ്യൂട്ടറി അവകാശികളിൽ നിന്നും തർക്കമോ പരാതിയോ ലഭിച്ചിട്ടില്ല. ആകയാൽ യോഗ്യതകളും സീനിയോറിറ്റിയും പരിഗണിച്ച് കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 43 അനുശാസിക്കുന്ന സ്റ്റാറ്റ്യൂട്ടറി അവകാശത്താലുള്ള ടി സ്ഥാനക്കയറ്റ നിയമനത്തിന് നിയമന തീയതി മുതൽ തന്നെ അംഗീകാരത്തിനും ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

ഹർജിക്കാരിയുടെ പേര് ടി മാനേജ്മെന്റിലെ ജീവനക്കാരുടെ അന്തിമമായി അംഗീകാരിക്കപ്പെട്ട പൊതു (common seniority list) സീനിയോറിറ്റി ലിസ്റ്റിൽ (01.01.2017 വരെ ആധുനീകരിച്ച (upto date and renewed) ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ 01.01.2018-ൽ റിന്യൂ ചെയ്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഹർജിക്കാരിയുടെ പേര് ഒഴിവാക്കിയാണ് തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം നേടിയത്. 01.01.2021-ന് തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഹർജിക്കാരിയുടെ പേര് വീണ്ടും ഉൾപ്പെടുത്തിയിട്ടുള്ളതും പ്രൊവിഷണലായി അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഇപ്രകാരം പ്രൊവിഷണലായി അംഗീകരിക്കപ്പെട്ട സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ചില അദ്ധ്യാപകർ തടസ്സവാദം ഉന്നയിച്ചിട്ടുള്ളതുമാണ്. ടി മാനേജ്മെന്റിലെ അന്തിമമായി അംഗീകരിക്കപ്പെട്ട സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ റീട്രഞ്ച്ഡ് ആകുമ്പോൾ പുനർവിന്യസിക്കുന്ന മുറയ്ക്ക് അവരുടെ പേരുതന്നെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്ന കീഴ്വഴക്കമാണ് ടി മാനേജ്മെന്റിലും ജില്ലാ വിദ്യാഭ്യാസ ഓഫീസിലും നിലനിൽക്കുന്നത്. പരാതിക്കാരായ അദ്ധ്യാപകരുടെ തടസ്സവാദം അവരുടെ സീനിയോറിറ്റി, സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ, റാങ്ക് എന്നിവയൊന്നും സംബന്ധിച്ചുള്ളതല്ല. മറിച്ച് അവരുടെ പേര് അന്തിമമായി അംഗീകരിക്കപ്പെട്ട സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനാവില്ല എന്നതാണ്. ഈ വസ്തുത ശ്രീമതി സോജി ലിൻസി കെ. സാം എന്ന അദ്ധ്യാപിക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച Ext-P4 റിവിഷൻ ഹർജി ടിയാളുടെ സീനിയോറിറ്റി മാതൃവിദ്യാലയത്തിൽ പുന:പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ എന്ന ഉത്തമ ബോദ്ധ്യമുള്ളതാണെന്നും നിയമങ്ങളും ചട്ടങ്ങളും പാലിച്ച് തയ്യാറാക്കി അംഗീകാരം ലഭിച്ച് നിലവിലിരിക്കുന്ന അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പേര് ഒഴിവാക്കാനാവില്ല എന്നതിനാൽ പേര് ഉൾപ്പെടുത്തണമെന്നതാണ് ആവശ്യപ്പെടുന്നതെന്നും വ്യക്തമാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. അതുപോലെതന്നെ സ്റ്റാറ്റ്യൂട്ടറി അവകാശികളുടെ പുനർനിയമനം, സ്ഥാനക്കയറ്റ നിയമനം എന്നിവയ്ക്കെതിരായി യാതൊരു പരാമർശവും ടി പരാതിയിലില്ല. 01.06.2022-ൽ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ശ്രീമതി സുജ ആനി തോമസ്-ന്റെ നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ടെങ്കിൽ അത്തരം തർക്കം പ്രഥമാദ്ധ്യാപക നിയമനത്തെയാണ്

ബാധിക്കേണ്ടത്. അതിനാൽ ചില അദ്ധ്യാപകരുടെ തടസ്സവാദം സീനിയോറിറ്റി സംബന്ധിച്ച തർക്കമാണെന്നത് തെറ്റായ അടിസ്ഥാനമില്ലാത്ത വ്യാഖ്യാനമാണ്. അതിന്റെ പേരിൽ ഹർജിക്കാരിയുടെ സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം നിഷേധിച്ചത് നീതീകരണമില്ലാത്ത നടപടിയാണ്. പുന:പരിശോധിക്കപ്പെടേണ്ടതാണ്.

ചട്ടം 43 അവകാശത്താൽ എച്ച്.എസ്.റ്റി. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് കോമൺ സീനിയോറിറ്റി ലിസ്റ്റ് പരിഗണിക്കേണ്ടതില്ല. ടി വിഷയത്തിൽ സ്ഥാനക്കയറ്റത്തിനു യോഗ്യതയുള്ളവരുടെ വിശദാംശങ്ങളും കോർ-വിഷയത്തിൽ നിലവിലുള്ള അദ്ധ്യാപകരുടെ അനുപാതവും മാത്രമേ പരിശോധിക്കപ്പെടേണ്ടതുള്ളൂ. കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 34(എ) ഇപ്രകാരമാണ് വ്യവസ്ഥ ചെയ്യുന്നത്. "......... the purpose of the seniority list shall be only to determine the relative position of persons who shall be eligible for promotion as High School Headmasters by virtue of length of service and prescribed qualifications for promotion as High School Headmaster." ഇതിൽ നിന്നും ചട്ടം 43 പ്രകാരമുള്ള അദ്ധ്യാപക പ്രൊമോഷന് കോമൺ സീനിയോറിറ്റി ലിസ്റ്റ് പരിഗണിക്കേണ്ടതില്ല എന്ന് വ്യക്തമാക്കുന്നതാണ്. ഇവിടെ ആരോപിക്കപ്പെടുന്ന സീനിയോറിറ്റി തർക്കം നിലനിൽക്കുമ്പോൾ പ്രഥമാദ്ധ്യാപക പ്രൊമോഷൻ അംഗീകരിക്കാമെങ്കിൽ ചട്ടം 43 പ്രകാരമുള്ള ഹർജിക്കാരിയുടെ പ്രൊമോഷൻ നിയമനം അംഗീകരിക്കുന്നതിൽ തടസ്സമുണ്ടാകേണ്ടതല്ല. ചട്ടം 43 പ്രകാരമുള്ള അദ്ധ്യാപക പ്രൊമോഷന് കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം (1) വ്യവസ്ഥ ചെയ്യുന്ന പ്രകാരം യോഗ്യതയും subject requirement-ഉം മാത്രം പരിഗണിച്ചാൽ മതി. Promotion under Rule 43 must be subject to Rule (1). Subject requirement should be taking into consideration for promotion (1981 KLN 506 ILR 1981 (2) KER 638). മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ ചട്ടം 43 പ്രകാരമുള്ള എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിലെ സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിന് കോമൺ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കണമെന്ന വാദം കാര്യവശാലോ കാരണവശാലോ നിലനിൽക്കുന്നതല്ല.

ഹർജിക്കാരിയുടെ 15.07.2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം സ്റ്റാറ്റ്യൂട്ടറി അവകാശത്താലുള്ളതാകയാൽ ഭിന്നശേഷി സംവരണ നിയമന മാനദണ്ഡങ്ങളും തടസ്സമാകുന്നില്ല.

മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉയർന്നുവരാവുന്ന മറ്റ് കാരണങ്ങളും പരിഗണിച്ച് ഹർജിക്കാരിയുടെ 15.07.2021 മുതലുള്ള എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് തസ്തികയിലെ ചട്ടം 43 പ്രകാരമുള്ള സ്ഥാനക്കയറ്റ നിയമനത്തിന് നിയമന തീയതി മുതൽ അംഗീകാരവും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു."

**3. സ്കൂൾ മാനേജർ ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

"ഹർജിയിലെ പരാതിക്കാരിയായ ശ്രീമതി ജുനു ഫിലിപ്പ് 05/06/2002 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ ഈ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള കോഴഞ്ചേരി സെന്റ്

മേരീസ് ഗേൾസ് ഹൈസ്കൂളിൽ ജോലി ചെയ്തുവരുന്നു. അങ്ങനെയിരിക്കെ 15/07/2005 മുതൽ തസ്തിക നഷ്ടപ്പെട്ടുമൂലം സേവനത്തിൽ നിന്നും പുറത്തായി. 20/06/2012 മുതൽ അദ്ധ്യാപകപാക്കേജിൽ ഉൾപ്പെടുത്തി ബി.ആർ.സി.കോ-ഓർഡിനേറ്ററായി എസ്.എസ്.എ.യിൽ നിയമിച്ചു. 18/07/2018 വരെ ബി.ആർ.സി.യിൽ തുടർന്നു.

മാതൃവിദ്യാലയത്തിൽ ഒഴിവു വന്നപ്പോൾ 19/07/2018 മുതൽ തിരികെ യു.പി.എസ്.റ്റി. ആയി പുന:പ്രവേശിപ്പിച്ചു. ഈ തസ്തികയിൽ തുടർന്നുവരവേ ടി സ്കൂളിലെ സോഷ്യൽ സയൻസ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി വൽസമ്മ ജോൺ 31/05/2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. കോവിഡ് കാലഘട്ടത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാതിരുന്നതുകൊണ്ട് ഒഴിവുവന്ന സോഷ്യൽ സയൻസ് തസ്തികയിൽ നിയമനം നടത്തിയില്ല. കോവിഡ്-19-നു ശേഷം അദ്ധ്യാപക തസ്തികയിൽ നിയമനം നടത്തുന്നതിന് 15/07/2021-ന് മുതൽക്കു മാത്രമേ സർക്കാരിൽ നിന്നും അനുമതി ലഭിച്ചുള്ളൂ. ആയതിനാൽ നിലവിലുള്ള ഒഴിവിൽ ഹർജിക്കാരിയെ സീനിയർ ആയ 43 അവകാശി എന്ന നിലയ്ക്ക് 15/07/2021 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു.

15/07/2021 മുതലുള്ള നിയമന ഉത്തരവും അനുബന്ധ രേഖകളും സമന്വയ മുഖേന അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ ഈ സ്ഥാപനത്തിലെ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലായെന്ന കാരണത്താൽ 11/04/2022-ലെ ബി3-25947/2021 ഉത്തരവു പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഈ മാനേജ്മെന്റിലെ 01/01/2021-ലെ സീനിയോറ്റി ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിച്ചത് ഇതുവരെ അന്തിമമായി അംഗീകരിച്ച് ലഭിച്ചിട്ടില്ല. താത്ക്കാലികമായി അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിനെതിരെ ഹർജിക്കാരി തന്നെ ആക്ഷേപം ഉന്നയിച്ചിട്ടുമുണ്ട്. ഈ പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തിയെങ്കിലും ഇതുവരെ അന്തിമമായി അംഗീകരിച്ച് ലഭിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച ഉത്തരവിനെതിരെ സ്റ്റാറ്റ്യൂട്ടറി റൂൾ പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും കാലതാമസം നേരിട്ടു എന്ന കാരണത്താൽ അപ്പീൽ ഹർജി വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചുതള്ളി.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിന് എതിരായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ 30/11/2022-ൽ ഞാൻ സമർപ്പിച്ച അപ്പീൽ ഹർജി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അഭിപ്രായക്കുറിപ്പോടുകൂടി പരിശോധിക്കുകയും ഈ മാനേജ്മെന്റിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്നമുറയ്ക്ക് ശ്രീമതി ജൂനു ഫിലിപ്പ് ആണ് സീനിയറായ ചട്ടം 43 അവകാശി എങ്കിൽ ടിയാളിന്റെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 15/07/2021 മുതൽ അംഗീകരിക്കുവാൻ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/05/2023-ലെ ഇറ്റി3/238821/2022 ഉത്തരവുപ്രകാരം ഞാൻ സമർപ്പിച്ച അപ്പീൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ അനുകൂലമായ ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിച്ചത് പ്രാബല്യത്തിലിരിക്കെ പരാതിക്കാരി ബഹു:ഹൈക്കോടതിയെ സമീപിച്ചത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല.

ഈ മാനേജ്മെന്റിലെ തന്നെ എച്ച്.എസ്.റ്റി. (ഹിന്ദി) ആയിരുന്ന ശ്രീമതി സോജി ലിൻസി കെ. സാം എന്ന അദ്ധ്യാപിക 15/07/2018 മുതൽ തസ്തിക നഷ്ടപ്പെട്ടതുമൂലം സർവ്വശിക്ഷാ അഭിയാനിൽ സംരക്ഷണത്തോടെ പുനർവിന്യസിക്കപ്പെട്ടിരിക്കുന്നു. 01/01/2018-ൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ടി അദ്ധ്യാപികയെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 01/01/2021-ന് തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഈ അദ്ധ്യാപികയെ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/01/2022-ലെ ബി3/4535/2021-ലെ രേഖാമൂലമുള്ള നിർദ്ദേശ പ്രകാരം ഒഴിവാക്കി. ഇങ്ങനെ ശ്രീമതി സോജി ലിൻസി കെ. സാം എന്ന പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപിക ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും അതും നിരസിച്ചു. ശ്രീമതി സോജി ലിൻസി കെ. സാം എന്ന അദ്ധ്യാപിക ഇപ്പോൾ പുനർവിന്യസിക്കപ്പെട്ടു എങ്കിലും ടിയാന്റെ പേര് 01/01/2021-ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

ഈ മാനേജ്മെന്റിലെ 01/01/2021-ലെ സീനിയോറിറ്റി ലിസ്റ്റിന് ആദ്യമായി പരാതി ഉന്നയിച്ചത് ശ്രീമതി ജൂന ഫിലിപ്പ് ആണ്. 01/01/2021-ൽ തയ്യാറാക്കിയ ലിസ്റ്റിൽ അവരുടെ തുടർച്ചയായ സേവനം തുടങ്ങുന്ന തീയതി 05/06/2002-ഉം പുറത്തായ തീയതി 15/07/2005-ഉം പുനർനിയമനം ലഭിച്ച തീയതി 19/07/2018 എന്നും കാണിച്ചാണ് തയ്യാറാക്കിയത്. പക്ഷെ ഇവരുടെ സർവ്വീസ് എസ്.എസ്.എ.യിൽ നിന്നും റഗുലറൈസ് ചെയ്തു ലഭിച്ച തീയതി 29/01/2016 മുതൽ കാണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. അപ്രകാരം എസ്.എസ്.എ.യിൽ പുനർവിന്യസിക്കപ്പെട്ട് തിരികെ മാതൃസ്കൂളിൽ പ്രവേശിച്ചവരുടെ തുടർച്ചയായ സർവ്വീസ് 29/01/2016 എന്ന് മാറ്റി നിശ്ചയിച്ചു. ഇങ്ങനെയുള്ള അദ്ധ്യാപകർക്ക് Combined Seniority List-ൽ റാങ്കിൽ മാറ്റമില്ല.

സ്കൂൾ മാനേജർ ആയ ഞാൻ 30/11/2022-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ഈ മാനേജ്മെന്റിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ച ശേഷം ശ്രീമതി ജൂന ഫിലിപ്പ്-ന്റെ 15/07/2021 മുതലുള്ള സ്ഥാനക്കയറ്റം അംഗീകരിക്കുവാനുള്ള 26/05/2023-ലെ ഇറ്റി3-238821/2022 ഉത്തരവ് നിലനിർത്തുവാൻ അപേക്ഷിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ടി ഉത്തരവിന് ഭേദഗതി ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ഇതേ മാനേജ്മെന്റിലെ തന്നെയുള്ള കോഴഞ്ചേരി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി ക്രിസ്റ്റീന മേരി ഫിലിപ്പിനെ 15/07/2021 മുതൽ റിട്ടയർമെന്റ് ഒഴിവിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ഈ നിയമനം ഇതേ കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചില്ലായെന്ന കാരണത്താൽ ഞാൻ സമർപ്പിച്ച അപ്പീൽ ഹർജി തള്ളിക്കളയുകയും ചെയ്തിട്ടുള്ളതാകുന്നു. ഒടുവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ റിവിഷൻ അപ്പീൽ ഹർജിയിൽ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്നമുറയ്ക്ക് ടിയാന്റെ നിയമനം അംഗീകരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട് (ഉത്തരവ് നമ്പർ ഇറ്റി3/238794/2022 തീയതി 22/02/2023). സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാതെ ശ്രീമതി ജൂന ഫിലിപ്പ്-ന്റെ

സ്ഥാനക്കയറ്റം (ഹർജിക്കാരി) അംഗീകരിക്കുവാൻ ഉത്തരവ് ആകുകയാണെങ്കിൽ ശ്രീമതി ക്രിസ്റ്റീന മേരി ഫിലിപ്പ്-ന്റെ സ്ഥാനക്കയറ്റം കൂടി അംഗീകരിക്കുവാൻ ഉത്തരവാകണമെന്നു കൂടി അറിയിക്കുന്നു."

**4. ശ്രീമതി സോജി ലിൻസി കെ.സാം തന്റെ വാദഗതികൾ ചുവടെപ്പറയും പ്രകാരം ബോധിപ്പിച്ചു.**

"പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള കോഴഞ്ചേരി സെന്റ് മേരീസ് ഹൈസ്കൂളിൽ 03.06.1996 മുതൽ യു.പി.എസ്.റ്റി. തസ്തികയിലും 09.10.2000 മുതൽ എച്ച്.എസ്.റ്റി. ഹിന്ദി തസ്തികയിലും സേവനത്തിൽ തുടർന്നു വരവെ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടമായതിനെ തുടർന്ന് 15.07.2018 മുതൽ സമഗ്രശിക്ഷ കേരളയിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ഞാൻ സേവനത്തിലിരുന്നു. നിലവിൽ കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ എച്ച്.എസ്.റ്റി. ഹിന്ദി തസ്തികയിൽ സേവനമനുഷ്ഠിക്കുന്നു.

കോഴഞ്ചേരി സെന്റ് മേരീസ് സ്കൂളിലെ അദ്ധ്യാപകരുടെ അന്തിമമായി അംഗീകാരം ലഭിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 19 ആയി എന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ 15.07.2018 മുതൽ എസ്.എസ്.കെ.യിൽ പുനർവിന്യസിച്ചതിനെ തുടർന്ന് 01.01.2021-ന് കെ.ഇ.ആർ അദ്ധ്യായം 14 എ 35 നോട്ട് (2) പ്രകാരം അംഗീകാരത്തിനായി തയ്യാറാക്കി സമർപ്പിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എന്റെ പേര് ഒഴിവാക്കിയതിനാൽ ഞാൻ സ്കൂൾ മാനേജർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും പരാതി സമർപ്പിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്റെ പരാതി നിരസിച്ചു. ഇതിനെതിരായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ ഹർജിയും നിരസിച്ചു. ഇതിനെ തുടർന്ന് ഞാൻ കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 38(2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ 17.05.2023-ൽ റിവിഷൻ ഹർജി സമർപ്പിച്ചു. ടി റിവിഷൻ ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 35,36-ലെ വ്യവസ്ഥകൾ പ്രകാരം അന്തിമമായി അംഗീകാരം ലഭിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പുനർവിന്യാസം നടത്തിയാലും സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് പേര് ഒഴിവാക്കാനാവില്ല. ഇവിടെ എന്റെ ആവലാതിയും ആവശ്യവും, അന്തിമമായി അംഗീകാരം ലഭിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എന്നെ രാജി, മരണം, റിട്ടയർമെന്റ് മുതലായ കാരണങ്ങളിലല്ലാതെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത് എന്നും പുനർവിന്യസിക്കപ്പെട്ടതിനാൽ അക്കാര്യം ലിസ്റ്റിൽ അവസാന കോളത്തിൽ രേഖപ്പെടുത്തി പേര് നിലനിർത്തണം എന്നതുമാണ്. കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 40 ൽ ഇപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. “When a teacher in any unit leaves service in that unit, or is transferred from one category of post to another in the same unit, a note to that effect shall be entered against his name in the last column of the Staff list."

സീനിയോറിറ്റി ലിസ്റ്റിന്റെ ആവശ്യകതയും ഉദ്ദേശലക്ഷ്യവും ചട്ടം 34 ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. “.......the purpose of the seniority list shall be only to determine the relative position of persons who shall be eligible for promotion as

High School Headmaster by virtue of length of service and prescribed qualifications for promotion as High School Headmaster." ചട്ടപ്രകാരമുള്ള അവകാശികളുടെ സ്ഥാനക്കയറ്റം പുനർനിയമനം എന്നിവ അംഗീകരിക്കുന്നതിനെതിരായി യാതൊന്നും എന്റെ പരാതിയിലില്ല. ടി പരാതി പരിഗണനയിലിരിക്കെ 01.06.2022 മുതൽ സ്ഥാനക്കയറ്റം ലഭിച്ച പ്രഥമാദ്ധ്യാപികയുടെ നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ട്.

കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 35,36 പ്രകാരം ഏറ്റവും അവസാനമായി 2018 ജനുവരി പ്രാബല്യത്തിൽ അന്തിമ അംഗീകാരം ലഭിച്ച സീനിയോറിറ്റി ലിസ്റ്റിൽ എന്റെ പേര് നമ്പർ 19 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.01.2021 പ്രാബല്യത്തിൽ തയ്യാറാക്കി പ്രൊവിഷണൽ അംഗീകാരം ലഭിച്ച സീനിയോറിറ്റി ലിസ്റ്റിൽ എന്റെ പേര് ഉൾപ്പെടുത്താതെയാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കി.

മേൽ വിവരിച്ചിട്ടുള്ള കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉയർന്നുവരാവുന്ന മറ്റു കാരണങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറി തന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 17/05/2023-ലെ പരാതി പരിഗണിച്ച് ചട്ടപ്രകാരം എന്റെ പേര് പ്രത്യേകമായ റിമാർക്സോടുകൂടി സീനിയോറിറ്റി ലിസ്റ്റിൽ നിലനിർത്തുന്നതിന് അനുമതി നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു"

**5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

"കോഴഞ്ചേരി സെന്റ് തോമസ് ചർച്ച് മാനേജ്മെന്റിന്റെ കീഴിലുള്ള കോഴഞ്ചേരി സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (എസ്.എസ്.) അദ്ധ്യാപികയായ ശ്രീമതി വത്സമ്മ ജോൺ 31/05/2020-ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ഇതേ സ്കൂളിലെ തന്നെ യു.പി.എസ്.റ്റി ആയ ശ്രീമതി ജുനു ഫിലിപ്പിന് സ്ഥാനക്കയറ്റം നൽകി മാനേജർ 15/07/2021 മുതൽ നിയമിക്കുകയുണ്ടായി. നിയമനപ്രൊപ്പോസൽ പരിശോധിച്ചപ്പോൾ 01/01/2018-ലെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി ജുനു ഫിലിപ്പ് ഉൾപ്പെട്ടിരുന്നില്ല. പിന്നീട് 2021-22 വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് മാനേജർ അംഗീകാരത്തിനായി സമർപ്പിക്കുകയും അത് താൽക്കാലികമായി അംഗീകരിച്ച് നൽകി അന്തിമമായി അംഗീകരിക്കുന്നതിനുള്ള തുടർനടപടിക്കായി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ചില അദ്ധ്യാപകർ തടസ്സവാദം ഉന്നയിച്ചതിനാൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുവാൻ സാധിച്ചിരുന്നില്ല. അതിനാൽ ശ്രീമതി ജുനു ഫിലിപ്പിന്റെ എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തികയിലെ പ്രൊമോഷൻ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ 11/04/2022 തീയതിയിലെ ഉത്തരവ് നമ്പർ ബി3/25947/21 പ്രകാരം നിരസിക്കുകയുണ്ടായി.

പിന്നീട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കാതിരുന്നതിനാൽ ടി അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/10/2022 തീയതിയിലെ ഉത്തരവ് നമ്പർ ബി4/217828/2022 പ്രകാരം നിരസിക്കുകയുണ്ടായി. പിന്നീട് മാനേജർ ഈ കാര്യാലയത്തിൽ റിവിഷൻ ഹർജി

സമർപ്പിക്കുകയുണ്ടായി. സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി ജൂനു ഫിലിപ്പ് ആണ് സീനിയറായ ചട്ടം 43 അവകാശിയെങ്കിൽ ടിയാരിയുടെ എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തികയിലെ 15/07/2021 മുതലുള്ള നിയമനം മറ്റവിധത്തിൽ ക്രമപ്രകാരമെങ്കിൽ പുന:പരിശോധിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവായിരുന്നു.

സെന്റ് തോമസ് ചർച്ച് കോഴഞ്ചേരി മാനേജ്മന്റിന്റെ അധീനതയിൽ സെന്റ് തോമസ് ബോയ്സ് എച്ച്.എസ്. കോഴഞ്ചേരി, സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്. കോഴഞ്ചേരി എന്നിങ്ങനെ രണ്ട് സ്കൂളുകളാണുള്ളത്. ഈ രണ്ട് സ്കൂളുകളും പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽപ്പെട്ടതാണ്. ഈ സ്കൂളുകളുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്നത് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. ഇപ്രകാരം അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് മാനേജർ നിയമനം പ്രൊപ്പോസലിനൊപ്പം 15/12/1990-ലെ ജി.ഒ.(എം.എസ്)നം.258/90/പൊ.വി.വ. ഡിക്ലറേഷൻ സമർപ്പിച്ചിരുന്നത്. ശ്രീമതി ജൂനു ഫിലിപ്പിന്റെ നിയമനം പരിഗണിച്ച വേളയിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിച്ചിരുന്നില്ല. എന്നാൽ പിന്നീട് തർക്കമുന്നയിച്ച അദ്ധ്യാപകരുടെ പരാതി പരിഹരിക്കുകയും, 19/10/2023 തീയതി പ്രാബല്യത്തിൽ 2021-22 വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് താൽക്കാലികമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ആർക്കും പരാതിയില്ലാത്തപക്ഷം മാനേജർ സീനിയോറിറ്റി ലിസ്റ്റ് പുന:സമർപ്പിക്കുന്നതിനനുസരിച്ച് സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അംഗീകരിച്ചു നൽകാവുന്നതും അതിന് ശേഷം ശ്രീമതി ജൂനു ഫിലിപ്പിന്റെ എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തികയിലെ 15/07/2021 മുതലുള്ള നിയമനം പരിഗണിക്കാവുന്നതുമാണ്."

**6.** സർക്കാർ ഈ വിഷയം ഹീയറിംഗിന്റെയും ഹർജിക്കാരിയുടെയും എതിർകക്ഷികളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും റിപ്പോർട്ടിന്റെയും അവർ സമർപ്പിച്ച രേഖകളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) തസ്തികയിലെ ചട്ടം 43 പ്രകാരമുള്ള സ്ഥാനക്കയറ്റ നിയമനം നിയമനത്തീയതി മുതൽ എല്ലാ ആനുകൂല്യങ്ങളോടെയും അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയിരുന്ന ശ്രീമതി സരസമ്മ ജോൺ 31/05/2020-ന് വിരമിച്ച ഒഴിവിലാണ് യു.പി.എസ്.റ്റി. ആയിരുന്ന ഹർജിക്കാരിയെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയി 15/07/2021 മുതൽ നിയമിച്ചത്.

**7.** പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി സെന്റ് തോമസ് ചർച്ച് മാനേജ്മെന്റിന്റെ കീഴിൽ രണ്ട് സ്കൂളുകളുണ്ടെന്നും, അവയുടെ പൊതുവായ സീനിയോറിറ്റി ലിസ്റ്റ് ഹർജിക്കാരിയുടെ നിയമനം പരിഗണിച്ച വേളയിൽ അംഗീകരിച്ചിരുന്നില്ലെന്നും, തർക്കമുന്നയിച്ച അദ്ധ്യാപകരുടെ പരാതി പരിഹരിച്ചതിനാൽ 19/10/2023 പ്രാബല്യത്തിൽ 2021-2022 വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് താല്ക്കാലികമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ടെന്നും ടി തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ആർക്കും പരാതിയില്ലാത്തപക്ഷം സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചശേഷം ഹർജിക്കാരിയുടെ

15/07/2021 മുതലുള്ള എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) നിയമനം പരിഗണിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**8.** ഏഴാം എതിർകക്ഷിയായ ശ്രീമതി സോജി ലിൻസി കെ.സാം-നെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം ശ്രീമതി ജൂനു ഫിലിപ്പിന്റെ നിയമനവുമായി ബന്ധപ്പെട്ടതല്ലെന്നും, നിലവിലെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ടിയാരി മാതൃസ്കൂളിൽ തിരികെ പ്രവേശിക്കുമ്പോൾ സീനിയോറിറ്റി പുന:സ്ഥാപിക്കപ്പെടുമെന്നും, എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) തസ്തികയിൽ മറ്റ് സ്റ്റാറ്റ്യൂട്ടറി അവകാശികളില്ലാത്തതിനാൽ ചട്ടം 43 അവകാശി എന്ന നിലയിൽ ഹർജിക്കാരിയുടെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാവുന്നതാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംഗ് വേളയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

9.മേൽ സാഹചര്യത്തിൽ, ശ്രീമതി ജൂനു ഫിലിപ്പിന്റെ എച്ച്.എസ്.റ്റി. (എസ്.എസ്.) തസ്തികയിലെ 15/07/2021 മുതലുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനത്തീയതി മുതൽ അംഗീകരിച്ച് നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം ബഹു:ഹൈക്കോടതിയുടെ റിട്ട് ഹർജി 23646/2023-ന്മേലുള്ള 21/07/2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ജൂനു ഫിലിപ്പ്, എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്), സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട-689 641.
മാനേജർ, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട-689 641.
ഹെഡ്മിസ്ട്രസ്സ്, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട-689 641.
ശ്രീമതി സോജി ലിൻസി കെ.സാം, എച്ച്.എസ്.റ്റി. (ഹിന്ദി), സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട-689 641.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട, തിരുവല്ല-689 101.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/4/2024-G.EDN dated : 23/02/2024 പ്രകാരം)
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anil Kumar P
Date: 17-04-2024 09:53:40

സ.ഉ.(സാധാ) നം.2688/2024/GEDN

സെക്ഷൻ ഓഫീസർ